# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സഹകരണ നിയമ ഭേദഗതി</u>

3700 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ സംഘം ഭരണസമിതികളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിൽ ആയിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം സംഘങ്ങളെ സംബന്ധിച്ചിടത്തോളം അപ്രായോഗികവും അസൗകര്യം സൃഷ്ടിക്കുന്നതുമാകയാൽ, ഭേദഗതിക്ക് മുമ്പത്തെ അവസ്ഥയിൽത്തന്നെ നിലനിർത്താൻ ആവശ്യമായ നിയമഭേദഗതി വരുത്തുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിലെ നിക്ഷേപം</u>

3701 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ ആകെ എത്ര കോടി രൂപയുടെ നിക്ഷേപമാണുള്ളത്;

(ബി) നിക്ഷേപങ്ങൾക്ക് നിലവിൽ നൽകുന്ന പലിശ എത്ര ശതമാനമാണ്; നാഷണലൈസ്ഡ് ഷെഡ്യൂൾഡ് ബാങ്കുകളുമായി താരതമ്യം ചെയ്ത് വിശദാംശം നൽകുമോ;

(സി) സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് പലിശ വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കേരളത്തിലുള്ള പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ</u>

3702

ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സഹകരണ ബാങ്കിൽ എത്ര കോടിയുടെ മൂലധനം ഉണ്ട്; അവയിൽ എന്ത് തുക പ്രാഥമിക സഹകരണ സംഘങ്ങൾ സ്വരൂപിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) റിസർവ്വ് ബാങ്ക് സഹകരണ ബാങ്കുകളോട് അനുവർത്തിക്കാൻ ആവശ്യപ്പെട്ട നിർദ്ദേശങ്ങൾ അവയെ എങ്ങനെ ബാധിക്കുമെന്നും, നിർദ്ദേശങ്ങൾ ഗുണകരമല്ലെങ്കിൽ അത് പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സഹകരണ മേഖലയുടെ വളർച്ചയും കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കുവാൻ പദ്ധതി</u>

3703 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്രവളർച്ചയും കാര്യക്ഷമതയും, സുതാര്യതയും ഉറപ്പാക്കുവാൻ കർമ്മപദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സഹകരണ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇതുവഴി കൈവരുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>'എന്റെ സംഘം' പദ്ധതി</u>

3704 ശ്രീ. ഹൈബി ഈഡൻ
'' സണ്ണി ജോസഫ്
'' പാലോട് രവി
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ 'എന്റെ സംഘം' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സഹകരണ മേഖലയിലും സംഘങ്ങളിലും എന്തെല്ലാം മാറ്റങ്ങളാണ് പദ്ധതി വഴി കൈവരുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കാർഷിക വായ്പ</u>

3705 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കാർഷിക വായ്പകൾ നൽകേണ്ടെന്ന കേന്ദ്ര സർക്കാരിന്റെ തീരുമാനം നടപ്പിലാക്കുകയാണെങ്കിൽ കൃഷിക്കാർക്ക് പലിശരഹിത വായ്പ നൽകുവാൻ എന്തു സംവിധാനമാണ് സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്?

**കേരള നിയമസഭ**
**25.06.2013-ലെ മറുപടിക്ക്**

<u>പ്രാഥമിക സഹകരണ ബാങ്കുകൾ വഴി കാർഷിക വായ്പ</u>

3706 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രാഥമിക സഹകരണ ബാങ്കുകൾവഴി കഴിഞ്ഞ 5 വർഷത്തെ കണക്കെടുക്കുമ്പോൾ എത്ര കോടി രൂപ യാണ് ശരാശരി ഓരോ വർഷവും കാർഷിക വായ്പ യായി നൽകിയിരുന്നത്?

**കേരള നിയമസഭ**
**25.06.2013-ലെ മറുപടിക്ക്**

<u>പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വായ്പ നൽകുന്നത് തടഞ്ഞുകൊണ്ടുള്ള ഉത്തരവ്</u>

3707 ശ്രീ. ഇ. പി. ജയരാജൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. വി. വിജയദാസ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബക്ഷി കമ്മീഷൻ റിപ്പോർട്ടിന്മേൽ ബഹു. സഹകരണ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സഹകരണ ബാങ്കില്‍ നിന്നുള്ള വായ്പയുടെ വിശദവിവരങ്ങള്‍</u>

3708 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഹാന്റെക്സ് തിരുവനന്തപുരം, അഗ്രിന്‍കോ കണ്ണൂര്‍, കേരള സ്റ്റേറ്റ് റബ്ബര്‍ മാര്‍ക്കറ്റിംഗ് ഫെഡറേഷന്‍ കൊച്ചി, കേരള സ്റ്റേറ്റ് സഹകരണ മാര്‍ക്കറ്റിംഗ് ഫെഡറേഷന്‍ കൊച്ചി എന്നീ സഹകരണ സ്ഥാപനങ്ങള്‍ സംസ്ഥാന സഹകരണ ബാങ്കില്‍ നിന്നും എടുത്തിട്ടുള്ള ആകെ വായ്പ, വായ്പയുടെ പലിശ നിരക്ക്, കുടിശ്ശിക-മുതല്‍, പലിശ, വായ്പ ഈടാക്കാന്‍ സ്വീകരിച്ച നടപടി എന്നിവ വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സഹകരണ കാർഷിക വായ്പകൾക്കുള്ള നബാർഡ് നിയന്ത്രണങ്ങൾ</u>

3709 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ കാർഷിക വായ്പകൾ നൽകുന്നതിന് നബാർഡ്, നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൃഷിക്കാർക്ക് യഥാസമയം കാർഷിക വായ്പ ലഭ്യമാക്കുന്നതിനും പ്രാഥമിക സഹകരണ സംഘങ്ങളുടെ നിലനിൽപ്പിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ</u>

3710 ശ്രീ.ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ കാർഷിക വായ്പകൾ വിതരണം ചെയ്യാൻ പാടില്ലെന്ന് നബാർഡ് ഉത്തരവ് പുറപ്പെടുവിച്ചതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഏതെങ്കിലും ഉത്തരവുകൾ നബാർഡ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മേലുള്ള അധിക പലിശ</u>

3711 ശ്രീ.ബി.ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡ് 4% പലിശയ്ക്ക് ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകുന്ന കാർഷിക വായ്പ 5% പലിശയ്ക്ക് പ്രാഥമിക സഹകരണ ബാങ്കുകൾക്ക് നൽകിയിരുന്നത് പലിശ 6% മായി വർദ്ധിപ്പിച്ചിരിക്കുന്നതു മൂലം സഹകാരികൾക്കും ,പ്രാഥമിക സഹകരണ ബാങ്കുകൾക്കും അധിക ഭാരം ചുമക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാഥമിക സഹകരണ ബാങ്കുകൾക്കു മേൽ അധികഭാരം അടിച്ചേൽപ്പിക്കാതെയും സഹകാരികളെ ബുദ്ധിമുട്ടിക്കാതെയും ജില്ലാ സഹകരണ ബാങ്കുകൾക്ക് ഫണ്ട് സമാഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

ആശ്വാസ് പദ്ധതിയിലൂടെ കുടിശ്ശിക നിവാരണം

3712 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്വാസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് എത്ര രൂപ വായ്പാ കുടിശ്ശിക തുക ഇനത്തിൽ പിരിഞ്ഞു കിട്ടി; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(ബി) ആശ്വാസ് പദ്ധതി പ്രകാരം എത്ര പേർക്ക് ഗുണം ലഭിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) സഹകരണ മേഖലയിലേക്ക് കിട്ടാക്കടം ആയി എന്തു തുകയുണ്ടായിരുന്നു; ആശ്വാസ് പദ്ധതി പ്രകാരം കിട്ടാക്കടത്തിൽ നിന്നും എത്ര രൂപ പിരിച്ചെടുത്തു;

(ഡി) ആശ്വാസ് പദ്ധതിയിൽ പരിഗണിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര തീർപ്പാക്കി; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഏതുതരം വായ്പകളാണ് ആശ്വാസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്; വ്യക്തമാക്കുമോ;

(എഫ്) പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ ആശ്വാസ് പദ്ധതി പ്രകാരം എന്തു തുക പിരിച്ചെടുത്തു; വായ്പാ കുടിശ്ശികക്കാർക്ക് എന്തു തുകയുടെ ആനുകൂല്യം നൽകി; എത്ര പേർക്ക്; എത്ര രൂപ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>കര്‍ഷക സേവനകേന്ദ്രങ്ങള്‍</u>

3713 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്ത് സഹകരണ സംഘങ്ങള്‍ക്കു കീഴിലുള്ള "കര്‍ഷക സേവനകേന്ദ്രങ്ങള്‍" ആലപ്പുഴ ജില്ലയിലെ ഏതെല്ലാം ബ്ലോക്കുകളില്‍ അനുവദിച്ചു; വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

‘സിമാറ്റി’ന്റെ പ്രവർത്തനം

3714 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സി.ഐ.എം.എ.റ്റി.(സിമാറ്റ്) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം കോഴ്സുകളാണ് ഇവിടെ നടത്തിവരുന്നത്;

(സി) ഈ കോഴ്സുകളുടെ പ്രവേശന മാനദണ്ഡവും ഫീസ് ഘടനയും വിശദമാക്കുമോ;

(ഡി) ഈ സ്ഥാപനം നിർത്തലാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്നറിയിക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനം നിർത്തലാക്കിയാൽ ഇവിടുത്തെ ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുകയെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>'സിമാറ്റി'ലെ ജീവനക്കാർ</u>

3715 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന് കീഴിൽ പ്രവർത്തിക്കുന്ന സി.ഐ.എം.എ.റ്റി. (സിമാറ്റ്) യിൽ ആകെ എത്ര സ്ഥിരം ജീവനക്കാരുണ്ട്;

(ബി) ഇവരുടെ കാറ്റഗറി തിരിച്ചുള്ള പട്ടികയും ശമ്പളസ്കെയിലുകളും അറിയിക്കുമോ;

(സി) ഇവർക്ക് കൃത്യമായി ശമ്പളം നല്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇവർക്ക് ശമ്പളം നല്കിയിട്ട് എത്ര നാളായി; വിശദാംശം ലഭ്യമാക്കുമോ;

(ഡി) എന്തുകൊണ്ടാണ് ഇവർക്ക് യഥാസമയം ശമ്പളം നല്കാൻ സാധിക്കാത്തത്; അറിയിക്കുമോ;

(ഇ) ഇവർക്ക് കൃത്യമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>അഗ്രിൻകൊ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച നിക്ഷേപങ്ങൾ</u>

3716 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ കണ്ണൂർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ച അഗ്രിൻകൊ എന്ന സ്ഥാപനം വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിച്ച നിക്ഷേപങ്ങൾ കാലാവധി കഴിഞ്ഞിട്ടും മടക്കി നൽകിയില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘങ്ങൾ അവരുടെ നിക്ഷേപത്തുക മടക്കി നൽകാൻ ആവശ്യപ്പെടുന്ന മുറയ്ക്ക് പലിശതുക കൂടി നിക്ഷേപതുകയോട് ചേർത്ത് പുതിയ നിക്ഷേപമായി കണക്കിൽ തിരിമറി നടത്തി വരികയാണെന്നത് അറിയാൻ സാധിച്ചിട്ടുണ്ടോ;

(സി) സംഘത്തിന്റെ സഹോദരസംരംഭമായി കമ്പനീസ് ആക്ട് പ്രകാരം അഞ്ച് പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ, ആയത് ഏതൊക്കെ;

(ഡി) സംഘം എന്ത് തുക വീതം മേൽപ്പറഞ്ഞ കമ്പനികൾക്ക് നൽകിയിട്ടുണ്ട്; എന്തിന്റെ അടിസ്ഥാനത്തിലാണ് ഈ തുക നൽകിയത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>'അഗ്രിൻകൊ' യിലെ സാമ്പത്തിക അഴിമതി</u>

3717

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ കണ്ണൂർ ജില്ലയിൽ പ്രവർത്തനമാരംഭിച്ച അഗ്രീൻകൊ എന്ന സഹകരണ സ്ഥാപനത്തിന്റെ ആരംഭം മുതൽ 18.07.2012 വരെയുള്ള പ്രസിഡണ്ട് ആരായിരുന്നു; വ്യക്തമാക്കുമോ; ഇപ്പോൾ പ്രസിഡണ്ട് ആരാണ്;

(ബി) സംസ്ഥാന സഹകരണ ബാങ്കിന് ലഭിക്കാനുള്ള ക്യാഷ് ക്രെഡിറ്റ് വായ്പ തിരിച്ചടയ്ക്കാത്തത് കാരണം ഈ സ്ഥാപനത്തിനെതിരെ ഫയൽ ചെയ്തിട്ടുള്ള കേസിൽ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് നടന്ന വൻ സാമ്പത്തിക അഴിമതിയിൽ ഉൾപ്പെട്ട തുക തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

'അഗ്രിൻകൊ' വായ്പയായും നിക്ഷേപമായും സ്വീകരിച്ച തുക

3718 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ കണ്ണൂർ ജില്ലയിൽ 27-04-2002 ന് രജിസ്റ്റർ ചെയ്യുകയും 05-05-2002 ൽ പ്രവർത്തനം ആരംഭിച്ചതായും അറിയുന്ന കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (അഗ്രിൻകൊ) എന്ന സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) സർക്കാർ ഓഹരി ഇനത്തിലും എൻ.സി.ഡി.സി യിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പകളും, സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് നിക്ഷേപമായും എന്ത് തുക സമാഹരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) അപ്രകാരം സമാഹരിച്ച തുക യഥാസമയം പ്രസ്തുത സ്ഥാപനങ്ങൾക്ക് മടക്കി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സഹകരണ വകുപ്പിനു കീഴിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ</u>

3719 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനു കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ ഏതെല്ലാമാണ്; സഹകരണ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യപിപ്പിക്കുവാനും ജനങ്ങൾക്ക് സഹകരണ പ്രസ്ഥാനങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ കൂടുതൽ ലഭിക്കുവാനും സർക്കാർ ആവിഷ്കരിക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) സഹകരണ സംഘങ്ങൾ പ്രവർത്തന മൂലധനം വിനിയോഗിച്ച് ധാരാളം പുതിയ വ്യവസായ സംരംഭങ്ങളും കച്ചവട സ്ഥാപനങ്ങളും ആരംഭിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ആരംഭിക്കുന്ന സ്ഥാപനങ്ങളുടെ ലാഭ നഷ്ടങ്ങൾ സംഘാംഗങ്ങളുടെ നിക്ഷേപത്തിന്റെ ഭാവിയെ ബാധിക്കുന്നുണ്ടോ എന്നും ഇത്തരം വ്യവസായങ്ങളും കച്ചവടങ്ങളും സഹകരണ നിയമത്തിന്റെ പരിധിയിൽ പെടുന്നുണ്ടോ എന്നും പരിശോധിക്കാറുണ്ടോ;

(സി) സഹകരണ സംഘങ്ങളുടെ കീഴിൽ നടത്തുന്ന ജനക്ഷേമ സംരംഭങ്ങൾക്ക് സഹകരണ വകുപ്പും സർക്കാരും നൽകുന്ന സഹായം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>'റിസ്ക് ഫണ്ട്' പദ്ധതി</u>

3720 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'റിസ്ക് ഫണ്ട്' പദ്ധതിക്കുള്ള അപേക്ഷ എവിടെയാണ് നൽകേണ്ടത്;

(ബി) ആയത് സംബന്ധമായ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**25.06.2013-ലെ മറുപടിക്ക്**

<u>'ധാരാ പദ്ധതി'</u>

3721 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ധാരാ പദ്ധതി'യുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) 'ധാരാ പാദ്ധതി' നടപ്പിലാക്കുമ്പോൾ എത്ര പേർക്ക് പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്; വെളിപ്പെടുത്തുമോ;

(സി) 'ധാരാ പദ്ധതി' നടപ്പിലാക്കുന്നതിന് ഏതെങ്കിലും സ്വകാര്യ ഏജൻസിയുടെ സഹകരണം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് കൈവശ
വസ്തുവിന്റെ ജാമ്യത്തിൽ വായ്പ

3722 ശ്രീ. സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്
,, പാലോട് രവി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് കൈവശ വസ്തുവിന്റെ ജാമ്യത്തിൽ വായ്പ നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വായ്പ നൽകുന്നതിന് എന്തെല്ലാം നിബന്ധനകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**25.06.2013-ലെ മറുപടിക്ക്**

<u>സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും കരുതൽ പദ്ധതികൾ</u>

3723 ശ്രീ. പി. സി. വിഷ്ണുനാഥ്
'' ലൂഡി ലൂയിസ്
'' ഡൊമിനിക് പ്രസന്റേഷൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും കരുതൽ പദ്ധതികൾ ആവഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി വഴി ലഭിക്കുന്നത്;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

## കോ-ഓപ്പറേറ്റീവ് ഗ്യാരന്റി സ്കീം

3724 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം 2012 നടപ്പാക്കുന്നതിനായി ഒരു ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്നും മുഴുവൻ ഡെപ്പോസിറ്റിന്റെയും ആനുപാതികമായ 0.1% തിരിച്ചുകിട്ടാത്ത പ്രീമിയമായി നിർബന്ധമായി പിരിച്ചെടുക്കുന്നതിന് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(സി) മുഴുവൻ ഡെപ്പോസിറ്റ് തുകയ്ക്കും തുല്യമായ ഇൻഷുറൻസ് കവറേജ് ഈ സ്കീം വഴി ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഡി) ലിക്വിഡേറ്റ് ചെയ്തുപോകുന്ന അവസരത്തിൽ മാത്രം ഡെപ്പോസിറ്റിന്റെ ചെറിയശതമാനം മാത്രം നിക്ഷേപകന് ഉറപ്പുനൽകുന്ന ഈ സ്കീം നല്ലരീതിയിൽ പ്രവർത്തിക്കുന്ന ബാങ്കുകൾക്ക് അധികഭാരം വരുത്തിവയ്ക്കുന്നതുമൂലം, താൽപര്യമുള്ള പ്രാഥമിക സഹകരണ ബാങ്കുകൾക്കുമാത്രമായി ഈ സ്കീം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സഹകരണമേഖലയിൽ റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്</u>

3725 ശ്രീ. റ്റി. എൻ. പ്രതാപൻ
'' വി. ഡി. സതീശൻ
'' എം.എ. വാഹീദ്
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;വിശദമാക്കുമോ;

(സി) ആയതിനുള്ള തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**25.06.2013-ലെ മറുപടിക്ക്**

<u>നെന്മാറയിൽ സഹകരണ നഴ്സിംഗ് കോളേജ്</u>

3726 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) നഴ്സിംഗ് കോളേജ് സഹകരണ മേഖലയിൽ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത്;

(സി) നെന്മാറ നിയോജക മണ്ഡലത്തിൽ സഹകരണ മേഖലയിൽ ഒരു നഴ്സിംഗ് കോളേജ് അനുവദിക്കുന്നത് പരിഗണിക്കുമോ; ആയതിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തേണ്ടത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ നോമിനികള്‍ ഭരിക്കുന്ന സഹകരണ സംഘങ്ങള്‍</u>

3727 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഇപ്പോള്‍ സര്‍ക്കാര്‍ നോമിനികള്‍ ഭരിക്കുന്ന എത്ര സഹകരണ സംഘങ്ങളാണ് സംസ്ഥാനത്ത് ഉള്ളത്; ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സഹകരണ ആശുപത്രികളും ആരോഗ്യ ഇൻഷുറൻസും</u>

3728 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ ആശുപത്രികളുടെ ആകെ എണ്ണം എത്ര; അവയുടെ ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കാമോ;

(ബി) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ സഹകരണ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത്തരം സഹകരണ ആശുപത്രികൾ ഏതെല്ലാം; വ്യക്തമാക്കുമോ:

(സി) പദ്ധതി നടപ്പാക്കിയ സഹകരണ ആശുപത്രികൾക്ക് ആർ.എസ്.ബി.വൈ പദ്ധതിയിൽ നിന്ന് പ്രതിമാസം നല്കേണ്ട തുകയിൽ സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; കുടിശ്ശിക മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ആശുപത്രികളെ സഹായിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>സഹകരണ സംഘങ്ങളിലെ അടിസ്ഥാന രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിന് പദ്ധതി</u>

3729 ശ്രീ. ഷാഫി പറമ്പിൽ
'' ലൂഡി ലൂയിസ്
'' സി. പി. മുഹമ്മദ്
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ എന്നിവ കാലാനുസൃതമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് സൂക്ഷിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിന് ആരെല്ലാമാണ് സഹകരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ എൻജിനീയറിംഗ് കോളേജിൽ പുതിയ കോഴ്സുകൾ</u>

3730 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'കേപ്പി'നു കീഴിൽ പ്രവർത്തിക്കുന്ന തൃക്കരിപ്പൂർ സഹകരണ എൻജിനീയറിംഗ് കോളേജിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സഹകരണ ബാങ്കിലെ നിയമനങ്ങൾ</u>

3731 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരധികാരമേറ്റ ശേഷം സംസ്ഥാന സഹകരണ ബാങ്കിൽ പി.എസ്.സി മുഖേനയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി 9 എ (1) ആയും, താത്ക്കാലികമായും, കരാർ അടിസ്ഥാനത്തിലും എത്ര വീതം പേർക്ക് ജോലി നൽകി ; വെളിപ്പെടുത്താമോ;

(ബി) ആർക്കൊക്കെ ഏതു തീയതികളിൽ ജോലി നൽകി; വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിലെ സ്ഥലം മാറ്റങ്ങൾ</u>

3732 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിന്റെ പുതിയ ഭരണ സമിതി അധികാരമേറ്റശേഷം ജീവനക്കാരെ സ്ഥലം മാറ്റി കൊണ്ടുള്ള എത്ര ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ ;

(ബി) ഇടതുപക്ഷ സംഘടനാ അനുഭാവികളായ സ്ത്രീകളടക്കമുള്ള ജീവനക്കാരെ വിദൂര സ്ഥലങ്ങളിലേക്ക് മാറ്റുന്നത് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാർ സമരത്തിലേർപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഒത്തുതീർപ്പ് വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഒത്തുതീർപ്പു വ്യവസ്ഥകൾക്ക് ശേഷവും സ്ഥലമാറ്റ ഉത്തരവുകൾ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. സഹകരണ സംഘത്തിലെ ക്രമക്കേടുകൾ</u>

3733 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ ജീവനക്കാരുടെ ഏതെങ്കിലും സഹകരണ സംഘത്തിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആരെയൊക്കെയാണ് പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ട് നടപടി സ്വീകരിച്ചിട്ടുള്ളത്; ഓരോരുത്തരുടേയും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിന് സഹകരണ മേഖലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

പാലക്കാട്ടെ പട്ടികജാതി സഹകരണ സംഘങ്ങൾ

3734 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടിക ജാതി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിൽ എത്ര സംഘങ്ങളാണ് റജിസ്റ്റർ ചെയ്തിട്ടുള്ളത്; ആയതിൽ എത്ര സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ;

(സി) പട്ടിക ജാതി സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് സഹകരണ വകുപ്പ് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംഘങ്ങളിലെ ജീവനക്കാരുടെ സംരക്ഷണം സംബന്ധിച്ച് പദ്ധതി പ്രഖ്യാപിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി-പട്ടികവര്‍ഗ്ഗ സഹകരണ ഫെഡറേഷന്‍
മുന്‍ ഭരണ സമിതിക്കെതിരെ അന്വേഷണം</u>

3735 ശ്രീ. വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവര്‍ഗ്ഗ സഹകരണ ഫെഡറേഷന്‍ മുന്‍ ഭരണ സമിതിക്കെതിരെ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കില്‍ അന്വേഷണം പൂര്‍ത്തിയായോ; ഇല്ലെങ്കില്‍ വേഗത്തില്‍ അന്വേഷണം പൂര്‍ത്തിയാക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ കർഷകർക്കുള്ള വായ്പകൾ</u>

3736 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുഖാന്തിരം കാർഷിക ആവശ്യങ്ങൾക്കുള്ള ഹ്രസ്വകാല വായ്പകൾ കുട്ടനാട്ടിലെ എത്ര കർഷകർക്ക് ലഭ്യമായെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കേന്ദ്ര - സംസ്ഥാന സബ്സിഡികളായി എന്തു തുക അനുവദിച്ചു; വ്യക്തമാക്കുമോ;

(സി) നെൽകൃഷിക്കുള്ള വായ്പകളുടെ പലിശ സർക്കാർ വഹിക്കുന്ന പദ്ധതി കുട്ടനാട്ടിലെ എത്ര കർഷകർക്ക് ലഭ്യമായെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

കൽപ്പറ്റ ഹൗസിംഗ് സംഘത്തിൽ നിന്നും പണയാധാരങ്ങൾ തിരികെ നൽകാത്ത നടപടി

3737 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ഹൗസിംഗ് സഹകരണ സംഘത്തിൽ നിന്നും എടുത്ത ഭവന വായ്പ പലിശയടക്കം തിരിച്ചുപിടിച്ച എത്ര പേർക്ക് ഇനിയും പണയാധാരങ്ങൾ തിരികെ നൽകാനുണ്ട്; വ്യക്തമാക്കുമോ;

(ബി) പണയാധാരങ്ങൾ തിരികെ നൽകുന്നതിനായി വയനാട് ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ, എന്നാണ് നിർദ്ദേശം നൽകിയത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത നിർദ്ദേശപ്രകാരം വയനാട് ജോയിന്റ് രജിസ്ട്രാർ പണയാധാരങ്ങൾ തിരികെ നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ, സർക്കാർ നിർദ്ദേശം നടപ്പാക്കാത്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ;

(ജി) പണയാധാരങ്ങൾ തിരികെ ലഭിക്കാത്തവർക്ക് അവ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>ഉള്ളൂർ സർവ്വീസ് സഹകരണ ബാങ്കിനെതിരെയുള്ള നടപടി</u>

3738 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം, തിരുവനന്തപുരത്ത് ഉള്ളൂർ സർവ്വീസ് സഹകരണ ബാങ്കിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ;

(ബി) ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശമുണ്ടായിട്ടും പ്രസ്തുത ബാങ്കിൽ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പു നടത്താതിരിക്കുന്നതിനുള്ള കാരണമെന്താണെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബാങ്കിൽ എന്നത്തേക്കു തെരഞ്ഞെടുപ്പു നടത്താനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിൽ നന്മ സ്റ്റോറുകൾ</u>

3739 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം കുട്ടനാട് നിയോജകമണ്ഡലത്തിൽ നന്മ സ്റ്റോറുകൾ അനുവദിക്കുന്നതിന് ലഭിച്ച അപേക്ഷകൾ പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ബി) എത്ര നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്റ്റോറുകളുടെ പ്രതിമാസ വിറ്റുവരവ് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ഡി) നന്മ സ്റ്റോറുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ</u>

3740 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ പുതുതായി ആരംഭിച്ച സഞ്ചരിക്കുന്ന ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആയത് ആരംഭിച്ചശേഷം നാളിതുവരെയുള്ള പ്രതിമാസ വിപണനത്തിന്റെ വരുമാന വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>സഹകരണമേഖലയിലെ ശീതീകരിച്ച<br>ഗോഡൗണുകൾ</u>

3741 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, പാലോട് രവി
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ ഉൽപന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സഹകരണ മേഖലയിൽ ശീതീകരിച്ച ഗോഡൗണുകൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിലേയ്ക്കാവശ്യമായ തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>ആയുർവ്വേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘത്തിലെ പെൻഷൻ നിഷേധിക്കൽ</u>

3742 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം മുണ്ടയ്ക്കൽ, ജില്ലാ ആയുർവ്വേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘത്തിൽ നിന്ന് 2007-ൽ വിരമിച്ച ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ, 2009 - ഫെബ്രുവരി മുതൽ നിഷേധിച്ചതിനുണ്ടായ കാരണമെന്താണെന്ന് വിശദമാക്കുമോ;

(ബി) പെൻഷൻ നിഷേധിക്കപ്പെട്ട ജീവനക്കാർക്ക് തുടർപെൻഷൻ ലഭിക്കുന്നതിന് എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പെൻഷൻ നിഷേധിച്ചത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കോടതി വിധി നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ പലിശ</u>

3743

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ അർബൻ ബാങ്ക് ജീവനക്കാർക്ക് അനുവദിച്ച ഭവന നിർമ്മാണ വായ്പയ്ക്ക് രണ്ടു നിരക്കിലുള്ള പലിശ ജീവനക്കാരിൽ നിന്നും ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിവേചനം അവസാനിപ്പിക്കുന്നതിനും പലിശ നിരക്ക് ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ജീവനക്കാരുടെ ഭവന വായ്പയ്ക്ക് ഈടാക്കുന്ന ഉയർന്ന പലിശ നിരക്ക് കുറക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

**സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

3744

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാലാവധി 31.03.2013 -ന് അവസാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്കരണത്തിന് പുതിയ കമ്മിറ്റിയെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ കമ്മിറ്റി എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>2013-2014ൽ ഖാദി ഗ്രാമവ്യവസായങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക</u>

3745 ശ്രീമതി ജമീലാ പ്രകാശം
ശ്രീ.മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 സാമ്പത്തിക വർഷത്തിൽ എന്ത് തുകയാണ് ഖാദി ഗ്രാമവ്യവസായങ്ങൾക്ക് വേണ്ടി സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും കേന്ദ്ര ഖാദി ഗ്രാമോദ്യോഗ് കമ്മീഷനിൽ നിന്നും എന്ത് സാമ്പത്തിക സഹായമാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നത്; വെളിപ്പെടുത്തുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>തേനീച്ച വളർത്തൽ</u>

3746 ശ്രീ. ഇ .കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തേനീച്ച വളർത്തൽ വ്യവസായ വികസനത്തിനായി ഖാദി ഗ്രാമ വ്യവസായ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്;

(ബി) കർഷകർക്ക് ശാസ്ത്രീയമായി തേനീച്ച വളർത്തുന്നതിനും തേൻ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും പരിശീലനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>ഖാദി ഗ്രാമവ്യവസായ തൊഴിലാളികൾ</u>

3747

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ശ്രദ്ധയിൽപ്പെട്ട പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നടപടികളും വിശദമാക്കുമോ;

(സി) തൊഴിലാളികളുടെ വേതനത്തിൽ ഏറ്റവും അവസാനം വർദ്ധന വരുത്തിയത് എപ്പോഴായിരുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>ഖാദി ബോർഡിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം</u>

T-3748 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ വായ്പ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

3749 ശ്രീ.പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി രംഗത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും വേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; കൈത്തറി രംഗം ഒരു ജീവിതോപാധിയായി സ്വീകരിക്കാവുന്ന തൊഴിലാണെന്ന് കരുതുന്നുവോ;

(ബി) കൈത്തറി തൊഴിലാളികൾക്ക് കൈത്തറി മേഖലയിൽ നിലനിൽക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന കൈത്തറി സംഘങ്ങളിലെ തൊഴിലാളികളുടെ നിലവിലുള്ള വേതനം എത്രയാണെന്നു പറയാമോ; വേതനം വർദ്ധിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**25.06.2013-ലെ മറുപടിക്ക്**

<u>അമ്പലപ്പുഴ മണ്ഡലത്തിലെ ഖാദി യൂണിറ്റ്</u>

3750 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഖാദി യൂണിറ്റുകൾ ഏതെല്ലാമാണ്; പ്രവർത്തനം നിലച്ചവ ഏതെല്ലാം;

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ ഖാദി യൂണിറ്റുകൾ നവീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും, എന്നുമുതൽ നവീകരണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>നഗരങ്ങളിൽ പരിസ്ഥിതി മ്യൂസിയം</u>

3751 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡ് നഗരങ്ങളിൽ പരിസ്ഥിതി മ്യൂസിയം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഏതെല്ലാം ശാസ്ത്ര ഏജൻസികളാണ് ആയതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

മൊബൈല്‍ ടവറുകള്‍ക്ക് മലിനീകരണ നിയന്ത്രണ ബോര്‍ഡിന്റെ അനുമതി

3752 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ അഞ്ചു വര്‍ഷത്തില്‍ എത്ര മൊബൈല്‍ ഫോണ്‍ ടവറുകള്‍ സ്ഥാപിക്കുന്നതിനു വേണ്ടി സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണ ബോര്‍ഡ് അനുമതി നല്‍കിയിട്ടുണ്ട് എന്ന് ജില്ലാടിസ്ഥാനത്തില്‍ വ്യക്തമാക്കുമോ; എത്ര അപേക്ഷകളിന്മേല്‍ പ്രസ്തുത കാലയളവിനുള്ളില്‍ അനുമതി നല്‍കുന്നത് നിഷേധിച്ചിട്ടുണ്ട്; ജില്ലാതലത്തിലുള്ള വിവരം ലഭ്യമാക്കുമോ;

(ബി) മൊബൈല്‍ ഫോണ്‍ ടവറുകള്‍ സ്ഥാപിക്കാന്‍ വേണ്ടി അനുമതി നല്‍കുന്നതിനായി മലിനീകരണ നിയന്ത്രണ ബോര്‍ഡിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളത് എന്നതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ; പ്രവര്‍ത്തിച്ചു വരുന്ന മൊബൈല്‍ ടവറുകളുമായി ബന്ധപ്പെട്ട് തുടര്‍ പരിശോധനകള്‍ നടത്തുന്നതിന് നിലവില്‍ വ്യവസ്ഥയുണ്ടോ; എങ്കില്‍ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2013-ലെ മറുപടിക്ക്

<u>കോട്ടത്തോട് ശുചീകരണം</u>

3753 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിലെ കോട്ടത്തോട് ശുചീകരിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ആയതിന് തയ്യാറാകുമോ;

(ബി) ആയത് നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ആയതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കുമോ;

(ഡി) നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2013-ലെ മറുപടിക്ക്

<u>പരുത്തിക്കുഴിയിലെ ഐസ്ക്രീം കമ്പനിക്കെതിരെയുള്ള പരാതി</u>

3754 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ മുട്ടത്തറ വില്ലേജിൽ അമ്പലത്തറ വാർഡിൽ പരുത്തിക്കുഴിയിൽ പ്രവർത്തിക്കുന്ന സൗത്ത് ഷോർ ഐസ്ക്രീം കമ്പനി മലിനീകരണം നടത്തുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പരാതിയിൽ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ, ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ; വ്യക്തമാക്കുമോ?